# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ. 695035
ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/2303080
ഇ-മെയിൽ: dhskerala@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in


നമ്പർ..ഇഎസ് 2/40318/2012(2)/ആവഡ തീയതി.30/03/2016

## നോട്ടീസ്

വിഷയം: ആവഡ- സീനിയർ ക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ശ്രീ. ടി.ശിവൻകുട്ടിയെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന:
1.A2/16968/15/DMO(H) PTA Dt.22/02/2016
2.PTA 1(5)2144/88/KPSC PTA. Dt.12/09/1990
3.A2/7091/1990/DMO(H) PTA Dt.05/10/1990
4.A2/10110/92/DMO(H) PTA Dt.22/09/ 1993
5.Spl.cell/ED(S)27851/94/DHS Dt.29/03/1995
6.Order No.ED1/03/2005/DHS Dt.03/05/2005
7. This office order even no. Dt.15/12/2014

സീനിയർ ക്ലാർക്ക്മാരുടെ സീനിയോരിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് പത്തനംതിട്ട, കുളനട പ്രാഥമികാരോഗ്യകേന്ദ്രത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ടി.ശിവൻകുട്ടി സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം അയച്ചു തന്നിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സർവീസ് വിവരങ്ങൾ വിശദമായി പരിശോധിച്ചു.

ശ്രീ. ടി.ശിവൻകുട്ടി സൂചന 2 പ്രകാരം പത്തനംതിട്ട ജില്ലാ പി.എസ്.സിയുടെ നിയമന ശുപാർശയുടേയും സൂചന 3 പ്രകാരമുള്ള പത്തനംതിട്ട ഡി.എം.ഒ യുടെ നിയമന ഉത്തരവിന്റേയും അടിസ്ഥാനത്തിൽ 11/10/1990 ന് ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. 11/1991 ൽ എം.ഒ.പി യിലും 12/1995 ൽ മറ്റ് വകുപ്പ്തല പരിക്ഷകളിൽ യോഗ്യത നേടുകയും സൂചന 4 പകാരം പരിശീലനകാലം പൂർത്തിയാക്കുകയും ചെയ്തു. അപ്രകാരം സൂചന 5 പ്രകാരമുള്ള ക്ലാർക്ക്മാരുടെ 08/1990 മുതൽ 12/1993 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 29 -ാം നമ്പരായി ഉൾപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സൂചന 6 പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു. എന്നാൽ സീനിയർ ക്ലാർക്ക്മാരുടെ സീനിയോരിറ്റി പട്ടികയിൽ ടിയാളുടെ പേര് ഉൾപ്പെട്ടിട്ടില്ല.

ഈ സാഹചര്യത്തിൽ ശ്രീ. ടി.ശിവൻകുട്ടി ജോലിയിൽ പ്രവേശിച്ച തീയതി, വകുപ്പ്തല പരിക്ഷകളിൽ യോഗ്യത നേടിയ തീയതി, സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നേടിയ തീയതി എന്നിവ പരിഗണിച്ച് സൂചന 7. പ്രകാരമുള്ള സീനിയർ ക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 83 (എ) ആയി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദ വിവരം തഴെ കൊടുക്കുന്നു.

| Sl. No | Name & Present Station | Date of Birth | Existing rank No.in the S.L of Clerk (1990-1993) | Existing rank No.in the S.L of Sr.Clerk | New Rank No. In the SL of Sr.Clerk (2000-2012) | Remarks |
|---|---|---|---|---|---|---|
| 1 | Sivankutty.T | 20/07/1961 | 29 | Nil | 83(A) | |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം സമർപ്പിക്കാനുണ്ടെങ്കിൽ ആയത് ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ.

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇ.ഡി. സെക്ഷൻ.
5. ഫയൽ/ കരുതൽ ഫയൽ